**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം**

**(ഹാജർ : Seeram Sambasiva Rao IAS)**

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് -ജീവനക്കാര്യം- ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ കാര്യനിർവഹണത്തിലെ നിരുത്തരവാദപരമായ പ്രവൃത്തി - സെക്രട്ടറിയെ സ്ഥലം മാറ്റി നിയമിച്ച് ഉത്തരവാകുന്നു.

പരാമർശം :
1) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 15/11/2024 തീയതിയിലെ LSGD/PD/39825/2024-VIGA3 നമ്പർ കത്ത്
2) 19.11.2024 തീയതിയിലെ കൊല്ലം ജില്ലാ ജോയിന്റ് ഡയറക്ടറുടെ LSGD/JD/KLM/8998/2024-A5 നമ്പർ റിപ്പോർട്ട്
3) പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/39825/2024-VIGA3 നമ്പർ ഫയലിലെ ഉത്തരവ്
4) 22-11-2024 തീയതിയിലെ LSGD/PD/39825/2024-VIGA3 നമ്പർ അനൗദ്യോഗിക കുറിപ്പ്.

**ഉത്തരവ് നമ്പർ LSGD/3021/2024-DEA3 തീയതി: 09-12-2024**

സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട പരിപാടികളിൽ ഒന്നായ മാലിന്യ മുക്തം നവകേരളം പദ്ധതിയെ തടസ്സപ്പെടുത്തുന്ന തരത്തിലും ബ്ലോക്ക് പഞ്ചായത്തിനെ തെറ്റിദ്ധരിപ്പിച്ച് അജണ്ട തയ്യാറാക്കുകയും കമ്മറ്റി തീരുമാനം അതേ ദിവസം മേലധികാരികളെ അറിയിക്കുന്നതിനായി തിടുക്കം കാണിച്ചു കൊണ്ടുള്ള ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ കത്തിന്റെ പകർപ്പും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ അനൂപ്കുമാറിന്റെ നിരുത്തരവാദപരമായ പ്രവർത്തി ഉന്നയിച്ച് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഉന്നയിച്ചിട്ടുള്ള പരാതിയും അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതിനു ബഹു.തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ കുറിപ്പ് പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതിനാൽ, ആയതിൽ അന്വേഷണം നടത്തി വ്യക്തമായ ശിപാർശയോടു കൂടിയ റിപ്പോർട്ട് സമർപ്പിക്കുന്നതിനു പരാമർശം(1) പ്രകാരം കൊല്ലം ജില്ലാ ജോയിന്റ് ഡയറക്ടർക്ക് നിർദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലാ ജോയിന്റ് ഡയറക്ടർ പരാമർശം(2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.

ബഹു. സംസ്ഥാന സർക്കാരിന്റേയും തദ്ദേശ സ്വയംഭരണ വകുപ്പിന്റേയും ഏറ്റവും മുൻഗണനയുള്ള വിഷയമാണ് മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ. ടി ക്യാമ്പയിന്റെ ഭാഗമായി അതാത് ബ്ലോക്ക് പഞ്ചായത്തുകളുടെ പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാരെ ഉൾപ്പെടുത്തി എൻഫോഴ്സ്മെന്റ് സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നത് ക്യാമ്പയിൻ പ്രവർത്തനത്തിന് സഹായകരമാണെന്ന് ജോയിന്റ് ഡയറക്ടർ 05.11.2024 ൽ ചേർന്ന ബ്ലോക്ക് പഞ്ചായത്ത്സെക്രട്ടറി ജോയിന്റ് ബി.ഡി.ഒ (EGS) ജനറൽ എക്സ്റ്റൻഷൻ ഓഫീസർമാർ എന്നിവരുടെ യോഗത്തിൽ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ ഭാഗമായി എൻഫോഴ്സ്മെന്റ് സ്ക്വാഡിന്റെ പരിശീലനത്തിന് 08.11.2024 ൽ അറിയിപ്പ് നൽകിയിട്ടുള്ളതാണ്. ടി അറിയിപ്പിൽ സ്ക്വാഡിന്റെ പ്രവർത്തനമോ നിർദ്ദേശമോ ഉൾക്കൊള്ളിച്ചിട്ടുള്ളതല്ല. ടി കത്തിൽ ജീവനക്കാരുടെ ജോലി സംബന്ധിച്ചോ, വാഹനത്തിന്റെ ഉപയോഗം സംബന്ധിച്ചോ പരാമർശിച്ചിരുന്നില്ല. ടി കത്ത് 11.11.2024 തീയതിയിൽ നടന്ന ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി യോഗത്തിൽ, മാലിന്യസംസ്കരണം എൻഫോഴ്സ്മെന്റുമായി ബന്ധപ്പെട്ട് മുൻപ് തീരുമാനിച്ചിട്ടില്ലാത്ത വിഷയം സെക്രട്ടറി കമ്മിറ്റിയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

11.11.2024 ലെ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി യോഗത്തിന്റെ തീരുമാനങ്ങൾ തീരുമാന രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. ആയത് കേരള പഞ്ചായത്ത് രാജ് (യോഗ നടപടിക്രമം) ചട്ടങ്ങൾ 1995 ലെ ചട്ടം 26(4) ന്റെ ലംഘനമാണ്. ടി തീരുമാനത്തിന്റെ കരട് രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുള്ളതായോ അത് പ്രസിഡന്റ് കാണുകയോ അംഗീകരിക്കുകയോ ചെയ്തിട്ടില്ല. കൂടാതെ 11.11.2024 ലെ തീരുമാനങ്ങൾ സകർമ്മ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തി അംഗീകരിച്ചതായി കാണുന്നില്ല. പ്രസിഡന്റ് അംഗീകരിക്കുകയോ ഒപ്പ് വയ്ക്കുകയോ ചെയ്യാത്ത തീരുമാനമാണ്. ശരിപകർപ്പ് എന്ന് രേഖപ്പെടുത്തി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ഒപ്പിട്ട്

ഉചിതമാർഗ്ഗേന അല്ലാതെ ബഹു. സ്പെഷ്യൽ സെക്രട്ടറിക്കും ബഹു. പ്രിൻസിപ്പൽ ഡയറക്ടർക്കും കമ്മിറ്റി ദിവസം തന്നെ അയച്ചു നൽകിയിട്ടുള്ളത്. കൂടാതെ പഞ്ചായത്ത് പ്രസിഡന്റ് നൽകിയ പരാതി സംബന്ധിച്ച് അന്വേഷണം നടത്തിയതിൽ 2023-24 വർഷം പദ്ധതി നിർവ്വഹണം സമയബന്ധിതമായി നടത്തുന്നതിന് സെക്രട്ടറിക്ക് വീഴ്ച സംഭവിച്ചിട്ടുണ്ട്.

ഒരു തദ്ദേശ ഭരണസ്ഥാപനത്തിന്റെ സെക്രട്ടറി എന്ന നിലയിൽ സർക്കാർ നയങ്ങളെ സംബന്ധിച്ച് ഭരണ സമിതിക്ക് ആവശ്യമായ ഉപദേശങ്ങൾ നൽകി ക്യാമ്പയിനുകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഉത്തരവാദിത്തപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥൻ, എൻഫോഴ്സ്മെന്റ് സ്ക്വാഡിന്റെ പ്രവർത്തനങ്ങൾ എന്തെന്ന് പോലും അറിയുന്നതിനു മുൻപ് തന്നെ ആയത് ബ്ലോക്ക് പഞ്ചായത്തിന്റെ അനിവാര്യചുമതലയിൽപ്പെട്ടതല്ലെന്നും ബ്ലോക്ക് പഞ്ചായത്തിന്റെ നിലപാടുകൾക്ക് ഘടകവിരുദ്ധമായ തീരുമാനങ്ങൾ എഴുതിചേർത്ത് പ്രസിഡന്റിന്റെ അംഗീകാരം വാങ്ങാതെ അന്നേദിവസം അനാവശ്യ തിടുക്കംകാട്ടി മേലാഫീസിലേക്ക് അയച്ചിട്ടുള്ളത് ടി ഉദ്യോഗസ്ഥനെ സംബന്ധിച്ച് ഗുരുതരമായ വീഴ്ചയായി കാണുന്നു. സകർമ്മയിൽ തീരുമാനം രേഖപ്പെടുത്താതെയും പ്രസിഡന്റിന്റെ അനുമതികൂടാതെയും അന്നേദിവസംതന്നെ കമ്മറ്റി തീരുമാനം സർക്കാർ തലത്തിലേക്ക് നേരിട്ട് നൽകിയത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായി അച്ചടക്കരാഹിത്യവും കൃത്യവിലോപവുമായി വിലയിരുത്തുന്നു. മാത്രമല്ല ബ്ലോക്ക് പഞ്ചായത്ത് യോഗത്തിൽ ചർച്ചചെയ്തതിൽനിന്നും വ്യത്യസ്ഥതരത്തിൽ തീരുമാനം രേഖപ്പെടുത്തി ശരിപകർപ്പ് കാട്ടി ഉചിതമാർഗ്ഗേനയല്ലാതെ സർക്കാർ തലത്തിൽ നേരിട്ട് അയച്ചുനൽകിയത് ഗുരുതരമായ അച്ചടക്കലംഘനമാണെന്നും കൊല്ലം ജില്ലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ടതാണ്.

കൊല്ലം ജില്ലയിലെ ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ആയ ശ്രീ അനൂപ് കുമാർ എൻ പ്രസ്തുത ബ്ലോക്കിൽ സെക്രട്ടറി ആയി ചുമതല ഏറ്റതിനു ശേഷം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ നിർദേശങ്ങൾ പാലിച്ചു കൊണ്ട് പദ്ധതി നിർവഹണത്തിൽ ഇടപെടുന്നില്ല എന്നും മാലിന്യമുക്ത കേരളം എന്ന പരിപാടിയുടെ ഉദ്ദേശശുദ്ധി മനസ്സിലാക്കാതെ ഭരണസമിതിയെ തെറ്റിദ്ധരിപ്പിച്ചു പ്രസിഡന്റിന്റെ അറിവോടെ അല്ലാതെ സകർമ്മയിൽ തീരുമാനം രേഖപ്പെടുത്താതെയും സകർമ്മ മിനിട്ട്സ് ക്ലോസ് ചെയ്യാതെയും കമ്മറ്റി യോഗം ചേർന്ന 11.11.2024 തീയതിയിൽ തന്നെ കമ്മറ്റി തീരുമാനം എന്ന പേരിൽ വ്യാജ തീരുമാനം തയ്യാറാക്കി സർക്കാരിലേക്ക് നേരിട്ട് നൽകിയ നടപടി ഗുരുതരമായ അച്ചടക്ക രാഹിത്യവും കൃത്യ വിലോപവും ക്രിമിനൽ കുറ്റവുമാണെന്നു ബോധ്യപെട്ടതിനാൽ ടിയാനെ പ്രസ്തുത ബ്ലോക്കിൽ നിന്നും സ്ഥലം മാറ്റി നിയമിക്കുന്നതിനും ടിയാനിൽ നിന്നും വിശദീകരണം ആവശ്യപെടുന്നതിനും പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് പരാമർശം (4) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിലെ സെക്രട്ടറി ആയ ശ്രീ അനൂപ് കുമാർ എൻ നെ തൃശ്ശൂർ ജില്ലയിലെ തോളൂർ ഗ്രാമ പഞ്ചായത്തിൽ സെക്രട്ടറി തസ്തികയിൽ സ്ഥലം മാറ്റി നിയമിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ബന്ധപ്പെട്ട ജില്ലാ ജോയിന്റ് ഡയറക്ടർമാരും അതാത് ഓഫീസ് മേധാവികളും ഈ ഉത്തരവ് ഉടനടി പ്രാബല്യത്തിൽ വരുത്തേണ്ടതും വിടുതൽ, സേവനത്തിൽ പ്രവേശിക്കൽ എന്നിവ സമയബന്ധിതമായി ഈ കാര്യാലയത്തിലും ബന്ധപ്പെട്ട മറ്റ ഓഫീസുകളിലും അറിയിക്കേണ്ടതുമാണ്.

Seeram Sambasiva Rao IAS
PRINCIPAL DIRECTOR

പകർപ്പ്:

1. വ്യക്തിക്ക് ( ജില്ല ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് കൊല്ലം മുഖാന്തിരം )
2. തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ തൃശ്ശൂർ,കൊല്ലം
3. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്ക് (ജില്ലാ ജോയിന്റ് ഡയറക്ടർ മുഖാന്തിരം)
4. സൂപ്രണ്ട് DED സെക്ഷൻ വിവരാവകാശ നിയമം 2005 പ്രകാരം വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന

കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Ajith Kumar M P
Date: 10-12-2024 10:51:29